# വളരെ അടിയന്തരം

***ഭരണഭാഷ-മാതൃഭാഷ***

നമ്പർ.എച്ച്(3)/13509/2018/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.20/02/2018.

പ്രേഷിതാവ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ഫെബ്രുവരി 21 ലോകമാതൃഭാഷാദിനം - സ്കൂൾ അസംബ്ലിയിൽ വിദ്യാർഥികൾക്ക് ചൊല്ലിക്കൊടുക്കേണ്ട ഭാഷാ പ്രതിജ്ഞ സംബന്ധിച്ച്.

സൂചന : 1) 16-02-2018 ലെ സർക്കാർ കത്ത് നമ്പർ ഔ.ഭാ 4/31/2017/ഉ.ഭ.പ.വ
2) 16-02-2018 ലെ സ.ഉ.(സാധാ) നമ്പർ 90/18/ഉ.ഭ.പ.വ.

ശ്രീ. എം.ടി വാസുദേവൻ നായർ തയ്യാറാക്കിയ താഴെക്കൊടുത്തിരിക്കുന്ന പ്രതിജ്ഞ കേരളത്തിലെ വിദ്യാലയങ്ങളിലെ ഭാഷാ-സാംസ്കാരിക പരിപാടികളിൽ ചൊല്ലിക്കൊടുക്കേണ്ട ഭാഷാ പ്രതിജ്ഞയായി അംഗീകരിച്ച് സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**"മലയാളമാണ് എന്റെ ഭാഷ.**
**എന്റെ ഭാഷ എന്റെ വീടാണ്**
**എന്റെ ആകാശമാണ്**

**ഞാൻ കാണുന്ന നക്ഷത്രമാണ്**
**എന്നെ തഴുകുന്ന കാറ്റാണ്**
**എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്**
**എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്**
**ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത്**
**എന്റെ ഭാഷയിലാണ്**

**എന്റെ ഭാഷ ഞാൻതന്നെയാണ്"**

പ്രസ്തുത പ്രതിജ്ഞ ലോക മാതൃഭാഷാദിനമായ ഫെബ്രുവരി 21-ന് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വിദ്യാർഥികളുടെ അസംബ്ലിയിൽ ചൊല്ലിക്കൊടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ് :
1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2. സംസ്ഥാനത്തെ എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (വെബ്സൈറ്റ്/വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)